(ഡി ആന്റ് ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ 12-ാം റിപ്പോർട്ടിലെ സർക്കാർ ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പേ ക്ലിനിക്കുകൾ തുടങ്ങുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൽ ചർച്ച ചെയ്ത് പ്രാരംഭ നടപടികൾക്ക് രൂപം നൽകിവരികയുമാണ്. ജില്ലാതലങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും ആരാഞ്ഞിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എസ്.എ.ടി. ആശുപത്രിയിലെ എച്ച്.ഇ.എസ്., എച്ച്.ഡി.എസ്. സംഘങ്ങളുടെ പ്രവർത്തനം

123 [1700] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സമാന ഉദ്ദേശലക്ഷ്യത്തിലുള്ള എച്ച്.ഇ.എസ്., എച്ച്.ഡി.എസ്. എന്നീ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) രോഗികളിൽനിന്നും ബന്ധുമിത്രാദികളിൽനിന്നും ധനസമാഹരണം നടത്താൻ പ്രസ്തുത സംഘങ്ങളെ അനുവദിച്ചിട്ടുണ്ടോ;

(സി) എച്ച്.ഡി.എസ്.-ലും, എച്ച്.ഇ.എസ്.-ലും ഒരേസമയം ഭാരവാഹിത്വം ഉള്ള എത്ര പേരുണ്ട്; അവരുടെ വിശദവിവരം നൽകുമോ;

(ഡി) എച്ച്.ഇ.എസ്.-ലെ അനൗദ്യോഗികാംഗങ്ങൾ എത്ര പേരാണ്;

(ഇ) ഇവരിപ്പോൾ നൽകിവരുന്ന സേവനങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ;

(എഫ്) പുതിയ സെക്രട്ടറി ചുമതലയേറ്റെടുത്തതിനുശേഷം എച്ച്.ഇ.എസ്.-ൽ എത്ര സ്ഥിരം/താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ജി) നിയമനം നടന്നിട്ടുണ്ടെങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇതിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഐ) എച്ച്.ഇ.എസിന്റെ കഴിഞ്ഞകാല ഇടപാടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ജെ) കേരള ഗവൺമെന്റ് വിഹിതം ഉപയോഗിച്ച് നിർമ്മിക്കുന്ന ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണ ചുമതല ആർക്കാണ്;

(കെ) എച്ച്.ഡി.എസ്.-ഉം എച്ച്.ഇ.എസ്.-ഉം സംയോജിപ്പിച്ച് ഒറ്റ സംവിധാനമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടുപേരുണ്ട്. മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനും എസ്.എ.ടി. ആശുപത്രി സൂപ്രണ്ടിനും. എച്ച്.ഡി.എസ്.-ലും, എച്ച്.ഇ.എസ്.-ലും ഒരേസമയം ഭാരവാഹിത്വം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാലുപേർ.

(ഇ) എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്ത് വിവിധ വിഷയങ്ങളെ സംബന്ധിച്ച് അഭിപ്രായങ്ങളും ഉപദേശങ്ങളും നൽകുക മാത്രമാണ് ഇവർ എച്ച്.ഇ.എസ്.-ന് നൽകിവരുന്ന സേവനം.

(എഫ് ആന്റ് ജി) അമ്പത്തിയൊന്ന് പേർക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

(എച്ച്) എച്ച്.ഇ.എസ്. നിയമനങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം ആവശ്യമില്ല.

(ഐ) ഇല്ല.

(ജെ) ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണ ചുമതല ആർക്കാണെന്ന് ഇതുവരെ അന്തിമമായി തീരുമാനിച്ചിട്ടില്ല.

(കെ) എച്ച്.ഡി.എസിന്റെയും എച്ച്.ഇ.എസിന്റെയും ജനറൽ ബോഡി പ്രത്യേകം യോഗം ചേർന്ന് പ്രമേയം പാസ്സാക്കിയാൽ മാത്രമേ ഇവ തമ്മിൽ സംയോജിപ്പിക്കാൻ കഴിയുകയുള്ളു.

മരുന്നുവാങ്ങുന്നതിന് നിലവിലുള്ള സംവിധാനം

124 [1701] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ വിവിധ സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനും വില തിട്ടപ്പെടുത്താനും ഉള്ള സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആശുപത്രികളിൽ അത്യാവശ്യം സൂക്ഷിക്കേണ്ട മരുന്നുകൾ എന്തെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവയുടെ ലഭ്യത അതാതു സ്ഥാപനങ്ങളിൽ ഉറപ്പാക്കാൻ ഉള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മരുന്നും ഉപകരണങ്ങളും വാങ്ങാൻ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നുകൾ സി.പി.സി. മുഖേനയാണ് വാങ്ങുന്നത്. സി.പി.സി.-യിൽ ഡി.എച്ച്.എസ്., ഡി.എം.ഇ., ഡയറക്ടർ ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്,

LIBRARY ARCHIVES Kerala Legislative Assembly